**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3497** **08.11.2019 ലെ മറുപടിയ്ക്ക്**

**<u>പ്രൊഫഷണൽ കോഴ്സുകളിൽ ഫ്ളോട്ടിംഗ് സംവരണം നിർത്തലാക്കാൻ നടപടി</u>**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ നിലവിലുള്ള ഫ്ളോട്ടിംഗ് സംവരണ രീതി നിർത്തി സംവരണം കോളേജ് അടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നിലവിലുള്ള രീതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | ഫ്ളോട്ടിംഗ് രീതിയിലുള്ള സംവരണം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല |
| (സി) | നിലവിലുള്ള ഫ്ളോട്ടിംഗ് സംവരണം സംബന്ധിച്ച് പട്ടികജാതി വകുപ്പിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്നും ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്ത് തീരുമാനം എടുത്തുവെന്നും വെളിപ്പെടുത്തുമോ? | (സി) | സംവരണതത്വം പാലിച്ച് സംസ്ഥാനതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന അലോട്ട്മെന്റ് പ്രക്രിയ കോളേജ് തലത്തിൽ ആക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം എസ്.സി വകുപ്പിന്റെ 31.08.2019 ലെ SCSTDD-A2/170/2019 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സംസ്ഥാന തലത്തിലുള്ള അലോട്ട്മെന്റ് പ്രക്രിയ പ്രകാരം സ്വീകാര്യത കുറഞ്ഞ കോളേജുകളിൽ സംവരണ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥികൾ മാത്രമായി പ്രവേശനം ലഭിക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ നിലവിലെ സംവരണരീതിയ്ക്ക് എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**